പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2571

19.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതി ഉദ്ഘാടന ചെലവ്

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| എ) കേരള സീപ്ലെയിൻ പദ്ധതി ഉദ്ഘാടനത്തോടനുബന്ധിച്ച് എത്ര രൂപ ചെലവ് വരുകയുണ്ടായി ;<br>ബി) പ്രസ്തുത ദിവസം പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്ന പരസ്യം നൽകുകയുണ്ടായി ; ഈയിനത്തിൽ മൊത്തം ചെലവ് എത്ര; | എ & ബി) | പി.ആർ.ഡി. ഉൾപ്പെടെയുള്ള ഏജൻസികൾ വഴി നൽകിയ പരസ്യങ്ങളുടെയും മറ്റ് അനുബന്ധ ചെലവുകളുടെയും കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ. |
| സി) പ്രസ്തുത സർവ്വീസിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്ത് തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് ; | സി) | ഈ പദ്ധതിയുടെ പ്രാരംഭ ജോലികൾക്കായി 11.83 കോടി രൂപയുടെ ഭരണാനുമതിയാണ് സർക്കാർ 22.12.2012 ലെ ജി.ഒ.(എം.എസ്) നം.384/2012/ടി.എസ്.എം. പ്രകാരം നൽകിയിട്ടുള്ളത്. |
| ഡി) പ്രസ്തുത സർവ്വീസിന്റെ ഭാഗമായി പ്രതിവർഷം എത്ര ടൂറിസ്റ്റുകൾക്ക് യാത്ര ചെയ്യാൻ സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു; ഇതിന്റെ ഭാഗമായി ലഭിക്കുന്ന വരുമാനം പ്രതിവർഷം എത്ര കോടിയാണ്? | ഡി) | ഈപദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള കണക്കുകൾ കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സാധ്യമല്ല. എങ്കിലും വരും വർഷങ്ങളിൽ ഈ ടൂറിസം പദ്ധതിയുടെ പ്രത്യക്ഷ ഗുണങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ